ബ്ലോക്കുകളായ കാസർഗോഡ്, ചിറയിൻകീഴ്, കൊടുങ്ങല്ലൂർ എന്നിവ അമിത ചൂഷണവിഭാഗത്തിലും തലശ്ശേരി, പാറശ്ശാല, അതിയന്നൂർ, മുഖത്തല, അഞ്ചാലുംമൂട്,ബാലുശ്ശേരി എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിലും പാമ്പാക്കുടി, പറവൂർ, മുളന്തുരുത്തി, മാള, കോഴിക്കോട്, നേമം എന്നിവ സെമി ക്രിട്ടിക്കൽ വിഭാഗത്തിലുംപ്പെടുന്നു.

സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ മഴവെള്ള ശേഖരണ പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി ഭൂജല ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മഴവെള്ള ശേഖരണ പദ്ധതിയിൽ 20 ലക്ഷം രൂപയും ഭൂജല പരിരക്ഷയും ആർട്ടിഫിഷ്യൽ റീചാർജിങ്ങും പദ്ധതിയിൽ 23 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായതും ഉപഭോക്താക്കളുടെ സംഘങ്ങൾക്ക് കൈമാറിയതുമായ കുഴൽക്കിണറുകൾ

51 [3638] **ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:**

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:

" **സി. മോയിൻകുട്ടി:**

" **സി. മമ്മൂട്ടി:**

" **പി. കെ. അബ്ദുറബ്ബ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി പണി തീർത്തിട്ടുള്ളതും ഉപഭോക്താക്കളുടെ സംഘങ്ങൾക്ക് കൈമാറിയതുമായ എത്ര കുഴൽ കിണറുകൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) ഇവയ്ക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ നടക്കുന്നുണ്ടെന്നും കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാണെന്നും ഉറപ്പു വരുത്താൻ വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് ചുമതലയുണ്ടോ;

(സി) എങ്കിൽ ആരെല്ലാമാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി 100 കിണറുകൾ പൂർത്തീകരിച്ച സമതികൾക്ക് കൈമാറി. ഇവ പ്രവർത്തിക്കുന്നുണ്ട്.

(ബി) ചുമതലയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly